ഉത്തരം

(എ) കഴിഞ്ഞ 2009-2010 സംഭരണ വർഷം സപ്ലൈകോ കേരളത്തിലെ നെൽകർഷകരിൽനിന്നും 3,89,246.296 മെട്രിക് ടൺ നെല്ല് സംഭരിച്ചു.

(ബി) കഴിഞ്ഞ 2010-11 സംഭരണ വർഷം സപ്ലൈകോ തൃശ്ശൂർ ജില്ലയിൽ നിന്നും 47,823.99 മെട്രിക് ടൺ നെല്ല് സംഭരിച്ചു.

(സി) 2010-11 സംഭരണ വർഷം തൃശ്ശൂർ ജില്ലയിൽ നിന്നും 50000 മെട്രിക് ടൺ നെല്ല് സംഭരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

ഉത്സവവേളകളിലെ വിലക്കയറ്റം നിയന്ത്രിക്കാൻ മുൻകരുതലുകൾ

92(1349) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷു, ഈസ്റ്റർ തുടങ്ങിയ ഉത്സവവേളകളിൽ വിലക്കയറ്റം നിയന്ത്രിക്കാൻ ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പ് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കാൻ പോകുന്നത് ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇത്തരം ഉത്സവവേളകളിൽ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്താൻ ടെണ്ടർ നടപടികളും മറ്റും ഉടനെ ആരംഭിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിഷു, ഈസ്റ്റർ തുടങ്ങിയ വിശേഷാവസരങ്ങളിൽ സംസ്ഥാനത്തെ പൊതു വിപണിയിലുണ്ടാകാനിടയുള്ള വിലക്കയറ്റം മുൻകൂട്ടി കണ്ട് ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പ് റെയ്ഡുകളും പരിശോധനകളും ഊർജ്ജിതപ്പെടുത്തുന്നതാണ്. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നടത്തി കൃത്രിമ ക്ഷാമവും വിലക്കയറ്റവും സൃഷ്ടിക്കുന്ന പ്രവണത തടയുന്നതിനായി പൊതു വിപണിയിലെ ലൈസൻസിംഗ് കർശനമാക്കിയിട്ടുണ്ട്. അവശ്യ സാധനങ്ങളുടെ സ്റ്റോക്ക് പരിധി ഏർപ്പെടുത്തിയും വില നിലവാരവും സ്റ്റോക്ക് പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയും വിലക്കയറ്റം ചെറുക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ഇതുകൂടാതെ വിഷു, ഈസ്റ്റർ തുടങ്ങിയ ഉത്സവകാലങ്ങളിലുൾപ്പെടെ വിലവർദ്ധനവ് തടയുന്നതിനായി ശക്തമായ മാർക്കറ്റിടപെടൽ പദ്ധതി ഇപ്പോൾ തന്നെ നിലവിലുണ്ട്. ഇതനുസരിച്ച് സപ്ലൈകോ വിൽപ്പനശാലകൾ തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകൾ തിരഞ്ഞെടുക്കപ്പെട്ട റേഷൻ കടകൾ തീരദൈത്രി സൂപ്പർ മാർക്കറ്റുകൾ തുടങ്ങിയവ വഴി പൊതു വിപണിയേക്കാൾ ശരാശരി 50% കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നു. ഉത്സവ കാലങ്ങളിൽ വിലവർദ്ധന കണക്കിലെടുത്ത് പ്രത്യേക ചന്തകളും സംഘടിപ്പിക്കാറുണ്ട്. ഇവയിലൂടെയും നിലവിലുള്ള വിൽപ്പന ശാലകളിലൂടെയും കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ എത്തിക്കുക വഴി വിലവർദ്ധന ക്രമാതീതമായി ഉയരുന്നത് തടയാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉത്സവ വേളകളിൽ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് വിവിധയിനം സുഗന്ധ പലവ്യഞ്ജനങ്ങൾ, പയറുവർഗ്ഗങ്ങൾ, അരി, പഞ്ചസാര എന്നിവയും യഥാസമയങ്ങളിൽ നിലവിലുള്ള നടപടിക്രമം അനുസരിച്ച് വാങ്ങി വിതരണം നടത്തുവാൻ നടപടിയെടുത്തുവരുന്നു. ഉത്സവകാലങ്ങളിൽ ആയത് മുൻകൂട്ടി വാങ്ങി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പാലക്കാട് ജില്ലയിലെ മാവേലി നീതി സ്റ്റോറുകൾ

93(1350) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ എത്ര പുതിയ മാവേലി സ്റ്റോറുകളും, നീതി സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട് എന്നും അവ എവിടെയൊക്കെയാണ് ആരംഭിച്ചതെന്നും അറിയിക്കുമോ ;

(ബി) മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലക്കാട് ജില്ലയിൽ 14 മാവേലി സ്റ്റോറുകളും 15 നീതി സ്റ്റോറുകളും ആരംഭിച്ചു.

മാവേലി സ്റ്റോറുകൾ:

1. കൊങ്ങാട്
2. മണ്ണൂർ
3. കുമരംപുത്തൂർ
4. പൊൽപ്പുള്ളി
5. കല്ലേപ്പുള്ളി
6. ചളവറ
7. കല്ലുവഴി
8. ചാലിശ്ശേരി
9. അമ്പലപ്പാറ
10. കൈലിയാട്
11. കുമരംനെല്ലൂർ
12. മാത്തൂർ
13. തെങ്കര
14. തേങ്കുറിശ്ശി.

LIBRARY ARCHIVES Kerala Legislative Assembly